**'അല്പമദ്യം രതിയെ പരിപോഷിക്കും' എന്ന് കരുതുന്നവരുടെ ലൈംഗിക ജീവിതത്തിന് അധികം ആയുസ്സില്ലെന്ന് പുനർജ്ജനി മദ്യാസക്തി ചികിത്സാ കേന്ദ്രത്തിന്റെ ഡയറക്ടർ**

**ജോൺസൺ**

# ബ്ലാക്കൗട്ടാകുന്ന സുരതങ്ങൾ

**ഒരാണായെന്ന** തോന്നലുളവാക്കാൻ മദ്യപിക്കേണ്ടിവരുന്ന അവസ്ഥയിൽ, കൗമാരപ്രായം പിന്നിടേണ്ടിവരുന്ന ഒരാൾക്ക് ഭീതിയോടെയല്ലാതെ ആത്മവിശ്വാസത്തോടെ ലൈംഗികതയെക്കുറിച്ച് മനസ്സിലാക്കണമെങ്കിൽ മദ്യം അനിവാര്യമായിത്തീരുന്ന ഒരു സാമൂഹ്യസാഹചര്യമാണ് ഇന്ന് കേരളത്തിൽ നിലവിലുള്ളത്. വ്യാപകമായിത്തീർന്നുകൊണ്ടിരിക്കുന്ന 'ബാച്ചിലേഴ്സ് പാർട്ടി' ഇതിനൊരു പ്രത്യക്ഷ ഉദാഹരണമാണ്. ആദ്യരാത്രിക്കുമുമ്പ് മറ്റേതെങ്കിലുമൊരു സ്ത്രീയുമായി ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടിട്ടില്ല എന്നു വെളിപ്പെടുത്തുന്ന നവവരൻ പരിഹാസ്യകഥാപാത്രമായിത്തീരുന്ന അവസ്ഥ ഒഴിവാക്കാൻ, എയ്ഡ്സിനെ ഭയമുള്ള മലയാളി, സ്ത്രീപീഠനകേസുകളിൽ കുടുങ്ങാനുള്ള ചങ്കൂറ്റം കാണിക്കുന്നു. കപടപ്രണയവും വേശ്യാസംസർഗവുമൊക്കെ ലൈംഗികത എന്താണെന്നറിയാനുള്ള യുവതലമുറയുടെ പ്രാപ്യമായ മാർഗ്ഗങ്ങളായി അവശേഷിക്കുമ്പോൾ, ശാരീരികമായി ലൈംഗികക്ഷമത നേടിയ ആൾ ജോലി ലഭിച്ച് കുടുംബബാദ്ധ്യതകളവതരിപ്പിച്ച് സ്വന്തം കുടുംബജീവിതം ആസ്വദിക്കാനാരംഭിക്കുന്ന പ്രായം 25നും 30നും ഇടയിലുമാണ്. ഈ കാലയളവിൽ അതിനവനെ പ്രാപ്തനാക്കണമെങ്കിൽ വലിയൊരു ശതമാനം വ്യക്തികളിലും മദ്യത്തിന്റെ പിൻബലം അനിവാര്യമാണെന്ന ചിന്ത സമൂഹം അംഗീകരിക്കുകയും അനുവദിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. സ്ത്രീകൾക്ക് 'കന്യകാത്വം' എന്നതുപോലെ സമാനമായ ഒന്ന് പുരുഷന്മാർക്കില്ലാതെ പോയതും അതുകൊണ്ടാകാം. ഏതായാലും ലൈംഗികതയും മദ്യവും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. അതിനെക്കുറിച്ച് പരാമർശിക്കുന്നതിനുപകരം അനുഭവങ്ങളുടെ വെളിച്ചത്തിൽ കണ്ടുവരുന്ന ചില പ്രമാണങ്ങളെക്കറിച്ച് സൂചിപ്പിക്കാം.

മദ്യപാനവും ലൈംഗികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ പ്രധാനമായും മൂന്ന് കാലഘട്ടങ്ങളെക്കുറിച്ച് പറയേണ്ടിവരും. മദ്യപാനം ആരംഭിക്കുന്ന കൗമാരപ്രായക്കാരൻ – ഏറെത്താമസിയാതെ ലൈംഗികതയേക്കുറിച്ചുള്ള അന്വേഷണങ്ങളിലേക്കെത്തും. മനുഷ്യന്റെ ശാരീരിക – മാനസിക തലങ്ങളിലുണ്ടാകുന്ന വളർച്ചയോടൊപ്പം, മദ്യം ഉത്തേജിപ്പിക്കുന്ന ഇത്തരം ലോഭനകൾ തൃപ്തിപ്പെടുത്താൻ, സ്വയംഭോഗവും പരസ്ത്രീഗമനവും സ്വവർഗ്ഗരതിയും മാർഗ്ഗങ്ങളായി കണ്ടെത്തും. ഈ ഘട്ടത്തിൽ ഭീതിയില്ലാതാകാനും ദൈർഘ്യം വർദ്ധിപ്പിക്കുന്നതിനും പൊതുസമൂഹം അംഗീകരിക്കാത്തവയെന്ന് പറയപ്പെടുന്ന ലൈംഗികരീതികൾ പരീ

ക്ഷിച്ചുനോക്കുന്നതിനും മനസ്സിലെ വിലക്കുകൾ അതിലംഘിക്കുവാനും മദ്യത്തേക്കാൾ പ്രയോജനപ്രദമായ മറ്റൊരു ദിവ്യഔഷധവും ഇല്ലെന്ന് തിരിച്ചറിയുന്ന ഒരാൾക്ക് ലൈംഗിക ജീവിതം അവസാനിക്കുംവരേയ്ക്കും ലൈംഗികതയും മദ്യവും തമ്മിൽ ബന്ധപ്പെടുത്തി മാത്രമേ ചിന്തിക്കാനാവൂ. മദ്യപിക്കാതെ മണിയറയിൽ പ്രവേശിക്കാൻ ധൈര്യമില്ലാത്ത നവവരനോടൊപ്പം ശരീരം പങ്കിട്ട് ആദ്യരാത്രി പിന്നിടുന്ന നവവധുവും ലൈംഗികതയെ കുറിച്ചുണ്ടായിരുന്ന മുൻധാരണകൾ തിരുത്തപ്പെട്ട്, അബദ്ധജഡിലമായ കുറെ പുത്തൻധാരണകളുമായി പുറത്തിറങ്ങുന്നതോടെ, പരസ്പരം അജ്ഞാതമായ വ്യത്യസ്ഥവും വികലവുമായ ചില ധാരണകളോടെ ആരംഭിക്കുന്ന ദാമ്പത്യജീവിതം ലൈംഗികമായി പരാജയപ്പെടുന്നതിൽ അത്ഭുതപ്പെടാനില്ല!

'വിത്ത് ഓപ് വിത്തൗട്ട് ആൽക്കഹോൾ', ലൈംഗികത ആസ്വദിക്കാൻ കഴിയുമായിരുന്ന ആദ്യത്തെ കാലഘട്ടം വിവാഹത്തോടെ അവസാനിക്കുകയും 'വിത്ത് വൺ ഓർ ടു പെഗ്' അടിച്ചാൽ മാത്രമേ ലൈംഗിക ബന്ധത്തിൽ ഏർപ്പെടാനാകൂ എന്ന അവസ്ഥയിൽ എത്തിച്ചേരുന്ന ഒരാൾ പിന്നീടേറെക്കാലം ഈ അവസ്ഥയിൽ തുടരും. ഈ കാലയളവിൽ മദ്യപാനശീലത്തെ നിരുത്സാഹപ്പെടുത്തുന്നതിൽ വിമുഖത കാണിക്കുകയോ, മദ്യപാനം പ്രോത്സാഹിപ്പിക്കുകയോ ചെയ്യാനാണ് സാദ്ധ്യത. കാരണം മറ്റെല്ലാ ദുരിതങ്ങൾക്കുമിടയിൽ, പണച്ചിലവില്ലാതെയും മറ്റ് പ്രയാസങ്ങളൊന്നും കൂടാതെയും അവൾക്ക് ലഭിക്കാവുന്ന ഏക സുഖം ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക എന്നതു മാത്രമായിത്തീരും.

ഈ ഘട്ടവും പിന്നിട്ട്, മദ്യപിച്ചാലും ഇല്ലെങ്കിലും ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ പ്രാപ്തനല്ലാതാകുന്ന ഒരവസ്ഥയിൽ ഒരാൾ എത്തിപ്പെടുന്നതോടെ മാത്രമാണ്, ഭാര്യപോലും ഒരു ശരാശരി മദ്യപാനിയുടെ ഈ ശീലത്തെ കുറിച്ച് ഉത്കണ്ഠപ്പെടാറുള്ളൂ എന്നത് വസ്തുതയാണെങ്കിലും അതംഗീകരിക്കുവാൻ പൊതുസമൂഹം മടിക്കും.

മദ്യത്തോടൊപ്പം ഷുഗറും കൊളസ്ട്രോളും ബി.പിയും അറ്റാക്കും മറ്റനവധി രോഗങ്ങളും കൂടിച്ചേർന്ന് മദ്ധ്യവയസിനു മുൻപ് ലൈംഗിക ശേഷി കു



റയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്ന ഒരവസ്ഥയിൽ എത്തിപ്പെടുന്ന ഒരാളെ സംബന്ധിച്ച് 'സെൽഫ് എസ്റ്റിമിൽ' അതുമൂലമുണ്ടാകുന്ന മൂല്യത്തകർച്ച അസഹനീയമായിരിക്കും. നാട്ടുഭാഷയിൽ ഭാര്യയ്ക്ക് 'ചിലവിനും ചേക്കിലയ്ക്കും' നൽകാൻ ബാദ്ധ്യസ്ഥനായ ഒരു ഭർത്താവ് ഭാര്യയുടെ മുന്നിൽ പഞ്ചപുചരമടക്കി ആത്മാഭിമാനം അടിയറ വെയ്ക്കേണ്ടുന്ന ഒരു ശാരീരിക മാനസികാവസ്ഥയിൽ എത്തുന്നു. 'പുരുഷമേധാവിത്ത അഹന്ത'യെ തൃപ്തിപ്പെടുത്താനാകാതെ, ആയുധം നഷ്ടപ്പെട്ടിട്ടും അന്ധനായി പോരാടുന്ന പോരാളിയെപ്പോലെ അയാൾ ഭാര്യയെ പീഡിപ്പിച്ച് കീഴ്പ്പെടുത്താൻ ശ്രമിക്കുന്നതിലൂടെ സ്വന്തം കഴിവുകേടുകളെ മറയ്ക്കുകയും അതിൽനിന്നും പലായനം ചെയ്യുകയും ചെയ്യുന്നു.

എന്നാൽ, മദ്യാസക്തരോഗികളായിത്തീരുന്ന അനേക കാരണങ്ങളിൽ മുഖ്യകാരണമായി കണ്ടുവരുന്ന ഈ ലൈംഗിക പ്രശ്നത്തിന്, ക്ഷിപ്രശമനം വരുത്തുമെന്ന് പരസ്യം ചെയ്ത് കോടി കണക്കിനു രൂപയുടെ ഉത്തേജക മരുന്ന് വാങ്ങുകയാണ് നാം ചെയ്യുന്നത്.

മദ്യപന്മാർക്കുണ്ടാകുന്ന ഒരവസ്ഥയാണ് 'ബ്ലാക്കൗട്ട്'. മദ്യപാനത്തിന്റെ ഒരു ഘട്ടം പിന്നിട്ടാൽ, പിന്നീട് സംഭവിക്കുന്ന എല്ലാ പ്രവർത്തികളും തീർത്തും യന്ത്രസമാനവുമായിത്തീരുകയും ആ നേരങ്ങളിലെ പ്രവർത്തികളൊന്നും തന്നെ തലച്ചോറിൽ രജിസ്റ്റർ ചെയ്യപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ, മദ്യപിച്ച ഒരാളെ സംബന്ധിച്ച് ലൈംഗിക ബന്ധവും വെറും യാന്ത്രികമായിത്തീരുകയും. അതിൽ നിന്നും സ്വാഭാവികമായി ഉളവാകേണ്ട തൃപ്തിയും സുഖവും ലഭിക്കാതെ പോവുകയും അതനുഭവിച്ചതായി സ്വയം ബോദ്ധ്യമില്ലാതാവുകയും ചെയ്യുന്നതോടെ അതൃപ്തിയോടെ മാത്രം കൈകാര്യം ചെയ്യപ്പെടാവുന്ന ഒന്നായി ലൈംഗികതയും മാറുന്നു. ചിന്തകൾ ശരീരത്തിലൂടെ പൂർത്തീകരിക്കാനാവാതെ, ലൈംഗികാസക്തികളെ അടിച്ചമർത്തുകയോ, വൈകൃതങ്ങളിലൂടെ പ്രകടമാക്കുകയോ ചെയ്യാനിച്ഛിക്കുന്നവർ, മദ്യപിക്കുന്ന വേളകളിൽ സ്വയം നിയന്ത്രണങ്ങളുടെ അതിർവരമ്പുകൾ ലംഘിക്കുകയും അധാർമ്മികമായി പൊതുസമൂഹം കരുതുന്ന പ്രവർത്തികളിൽ വിമുഖത കൂടാതെ പങ്കാളിയാവുകയും ചെയ്യുന്നു. ലൈംഗികാസക്തി വർദ്ധിപ്പിക്കുകയും അതിനുള്ള ശാരീരിക ക്ഷമത കുറയ്ക്കുകയും ചെയ്യുന്ന മദ്യം നിരന്തരമായി ഉപയോഗിക്കുന്നവരിൽ സാധാരണയായി കണ്ടുവരുന്ന ഒരവസ്ഥയാണ് മരവിച്ച മന:സാക്ഷി. 'ഹാർഡനിങ്ങ് ഓഫ് ദി കോൺഷ്യൻസ്' എന്നു വിളിക്കപ്പെടുന്ന ഈ മാനസികാവസ്ഥയിൽ എത്തിച്ചേ പ്രണയോഷ്മളമായ ലൈംഗിക ബന്ധം അയഥാർത്ഥ്യമായിത്തീരുകയും സുരതക്രിയ വിസർജ്യത്തിനുള്ള ഒരുപാധി മാത്രമായി തീരുകയും ചെയ്യുന്നു.

മദ്യപാനം ഉപേക്ഷിക്കുന്ന വേളയിലുണ്ടാകുന്ന പിൻമാറ്റാസ്വാസ്ഥ്യങ്ങളുടെ (വിത്ത്ഡ്രോവൽ സിംപ്റ്റംസ്) ഭാഗമായി വരുന്ന മതിഭ്രമങ്ങൾ കാഴ്ചയേയും കേൾവിയേയും മനസിനേയും ഒരുപോലെ ബാധിക്കുന്ന ചില നിമിഷങ്ങളിൽ സ്വന്തം മകളെപ്പോലും ലൈംഗിക വേഴ്ചയ്ക്കുള്ള 'ഇരയായി' കാണുന്ന മദ്യപർ കേരളത്തിൽ ഇന്ന് പതിവ് വാർത്തയായിട്ടുണ്ട്. ഇത്തരം മനുഷ്യരെ തുറുങ്കലടയ്ക്കാനും കല്ലെറിഞ്ഞു കൊല്ലാനും വെമ്പൽ കൂട്ടുന്ന ശരാശരി മലയാളിയും ലൈംഗികതയെകുറിച്ച് അജ്ഞനാണ് എന്നാണെന്റെ അഭിപ്രായം. ലൈംഗികതയെകുറിച്ച് ശരിയായ അറിവുകൾ മച്ചുവയ്ക്കുകയും അമാനുഷികമായ ലൈംഗിക സാദ്ധ്യതകളെ കുറിച്ചുള്ള കെട്ടുകഥകളും അബദ്ധധാരണകളും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന നമ്മുടെ സമൂഹത്തിൽ, 'അല്പമദ്യം രതിയെ പരിപോഷിക്കു' മെന്ന് കരുതി, ലഹരിക്കടിമയാകാൻ പ്രേരിപ്പിക്കുന്ന മാരകമായ രാസപദാർത്ഥങ്ങൾ ചേർന്നുണ്ടാകുന്ന കളങ്കിത മദ്യത്തിന്റെ ഉപഭോഗം കൂടിയാൽ തീർച്ചയായും ലൈംഗിക അരാജകത്വങ്ങൾ അരങ്ങേറും.